| | |
|---|---|
| ചീഫ് എഞ്ചിനീയറുടെ കാര്യാലയം<br>ലോക്കൽ ഇൻഫ്രാസ്ട്രക്ചർ ഡവലപ്പ്മെന്റ് &<br>എഞ്ചിനീയറിംഗ് വിംഗ്<br>സ്വരാജ് ഭവൻ അഞ്ചാം നില<br>നന്ദൻകോട്, കവടിയാർ പി.ഒ<br>തിരുവനന്തപുരം - 03 | ഫോൺ: 0471-2324951<br>0471-2325071<br>ടെലി ഫാക്സ് – 0471-2324951<br>ഇമെയിൽ -celsgd@gmail.com<br>വെബ് സൈറ്റ് www.celsgd.kerala.gov.in |


**ഭരണഭാഷ - മാതൃഭാഷ**

**ഇ7/5311/2021/സിഇ/തസ്വഭവ**

**തീയതി : 11 /04/2022**

## സർക്കുലർ

വിഷയം : തസ്വഭവ – 2021-22 സാമ്പത്തിക വർഷത്തിലെ ജീവനക്കാരുടെ ശമ്പളവും മറ്റ് അലവൻസുകൾ നിർമ്മാണ പ്രവൃത്തികൾക്ക് അനുവദിച്ച തുകയുടെ ചെലവ് കണക്കുകൾ പ്രൊഫോർമയിൽ രേഖപ്പെടുത്തുന്നതിന് റീകൺസിലേഷൻ നടത്തി സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നത് സംബന്ധിച്ച്

സൂചന : 1) ഈ ഓഫീസിലെ 25/03/2022 ലെ ഇതെ നം. സർക്കുലർ
2) അക്കൗണ്ടന്റ് ജനറലിന്റെ കത്ത് നം. DAE-03/V/RECON/2021-22/245 dt. 16/02/2022 & DAE01/GL/RECON/2021-22/292 dt.17/02/2022

സൂചന (1) പ്രകാരം ചീഫ് എഞ്ചിനീയറുടെ കീഴിൽ വരുന്ന ഗ്രാമ/ ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾ/മുനിസിപ്പാലിറ്റികൾ/ കോർപ്പറേഷനുകൾ, സൂപ്രണ്ടിംഗ് എഞ്ചിനിൽ ഓഫീസുകൾ (സൗത്ത് സർക്കിൾ/ നോർത്ത് സർക്കിൾ/ പി.കെ.യു/ കെ.എസ്.ആർ.ആർ.ഡി.എ) എന്നിവിടങ്ങളിലെ ജീവനക്കാർക്ക് ശമ്പളം, മറ്റ് അലവൻസുകൾ എന്നിവ നൽകിയിന്റെ ചെലവ് കണക്കുകൾ ഈ കാര്യാലയത്തിന്റെ ഔദ്യോഗിക വെബ് സൈറ്റിലെ (www.celsgd.com.kerala.gov.in) 'Proforma' page ൽ പ്രസിദ്ധീകരിച്ചിട്ടുള്ള Proforma P- 1146 ൽ രേഖപ്പെടുത്തി സമർപ്പിക്കുന്നതിന് നിർദ്ദേശിച്ചിരുന്നു. സൂചന (2) ലെ അക്കൗണ്ടന്റ് ജനറലിന്റെ കത്ത് പ്രകാരം 4210, 4235 എന്നീ ശീർഷകങ്ങളിൽ 2021-22 സാമ്പത്തിക വർഷത്തിലെ ചെലവഴിക്കപ്പെട്ട തുകയുടെ ട്രഷറി റീകൺസിലേഷൻ നടത്തി റീകൺസിലേഷൻ സർട്ടിഫിക്കറ്റ് അടിയന്തിരമായി നൽകുന്നതിന് നിർദ്ദേശിച്ചിരിക്കുന്നു.

ആയതിനാൽ എല്ലാ ഡി.ഡി.ഒ മാരും താഴെ പറയുന്ന നിർദ്ദേശങ്ങൾ സ്വീകരിച്ച് ചെലവുകണക്കുകൾ അപ്ഡേറ്റ് ചെയ്യുന്നതിനാവശ്യമായ നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

1) Wages, Medication Reimbursement, Transfer TA, Tour TA, Electricity Charge മറ്റ് ചെലവുകൾ, POL, Maintenance എന്നിവ നൽകുന്നതിനായി ഈ

കാര്യാലയത്തിൽ നിന്നും അനുവദിച്ച തുകയുടെ ചെലവ് കണക്കുകൾ പ്രൊഫോർമയിൽ രേഖപ്പെടുത്തേണ്ടതും എന്നാൽ ഏതെങ്കിലും തരത്തിൽ ചെലവഴിക്കപ്പെടാതിരുന്ന തുക സറണ്ടർ ചെയ്ത് വിവരം നിർദ്ദേശം (2) ൽ പറഞ്ഞിരിക്കുന്ന പട്ടികയിൽ രേഖപ്പെടുത്തി ഇ-മെയിൽ മുഖാന്തിരം നൽകേണ്ടതാണ്.

2) നിർമ്മാണ പ്രവൃത്തികൾക്കായി അനുവദിച്ച തുകയുടെ ചെലവു കണക്കുകൾ താഴെ പറയുന്ന പട്ടിക പ്രകാരം ഈ ഓഫീസിൽ ലഭ്യമാക്കേണ്ടതാണ്. (ശീർഷകങ്ങൾ 4515-00-800-96-LAC-ADS, 4235-02-102-87(P), 4210-01-110-54-01(PV), 4515-00-800-92, 4217-60-051-94)

| ക്രമ നം. | ശീർഷകം | ആകെ അനുവദിക്കപ്പെട്ട തുക | ചെലവഴിക്കപ്പെട്ട തുക | സറണ്ടർ ചെയ്യുന്ന തുക |
|---|---|---|---|---|
| | | | | |
| | | | | |

3) ശമ്പള ശീർഷകങ്ങളിലേയും നിർമ്മാണ പ്രവൃത്തികൾക്ക് വേണ്ടി തുക അനുവദിച്ചിട്ടുള്ള കണക്കുകൾ ട്രഷറി റീകൺസിലേഷൻ നടത്തി റീകൺസിലേഷൻ സർട്ടിഫിക്കറ്റ് ഈ കാര്യാലയത്തിൽ അടിയന്തിരമായി ലഭ്യമാക്കേണ്ടാതണ്.
4) സൗത്ത് സർക്കിൾ/ നോർത്ത് സർക്കിൾ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ എന്നീ ഓഫീസുകളിലേയും അവരുടെ നിയന്ത്രണത്തിൽ വരുന്ന മുനിസിപ്പാലിറ്റി/ കോർപ്പറേഷനുകൾ ബന്ധപ്പെട്ട ചെലവുകണക്കുകൾ കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ടെന്നും ട്രഷറി റീകൺസിലേഷൻ നടത്തി റീകൺസിലേഷൻ സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ടെന്നും അതാത് സൂപ്രണ്ടിംഗ് എഞ്ചിനീയർമാർ ഉറപ്പു വരുത്തേണ്ടതാണ് ഇതിലേക്കായി ടി ഓഫീസിലെ ജൂനിയർ സൂപ്രണ്ടുമാരുടെ സേവനം ഉപയോഗപ്പെടുത്തേണ്ടതാണ്.
5) ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ തങ്ങളുടെ ഓഫീസിലേയും ടിയാന്റെ നിയന്ത്രണത്തിലുള്ള ബ്ലോക്ക് പഞ്ചായത്തുകളിലെയും ചെലവുകണക്കുകൾ കൃത്യമായി രേഖപ്പെടുത്തി യിട്ടെണ്ടെന്നും, ട്രഷറി റീകൺസിലേഷൻ നടത്തി റീകൺസിലേഷൻ സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ടെന്നും ഉറപ്പു വരുത്തേണ്ടതാണ്. ഇതിലേക്കായി ടി ഓഫീസിലെ ഡിവിഷണൽ അക്കൗണ്ടിന്റെയും ജൂനിയർ സൂപ്രണ്ടിന്റെയും സേവനം ഉപയോഗപ്പെടുത്തേണ്ടതാണ്.

6) കെ.എസ്.ആർ.ആർ.ഡി.എ ചീഫ് എഞ്ചിനീയറുടെ ഓഫിസിലെയും ടിയാന്റെ നിയന്ത്രണത്തിൽ വരുന്ന 14 പി.ഐ.യു ഓഫീസുകളിലേയും ചെലവു കണക്കുകൾ കൃത്യമായ രേഖപ്പെടുത്തിയിട്ടുണ്ടെന്നും ട്രഷറി റീകൺസിലേഷൻ നടത്തി റീകൺസിലേഷൻ സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ടെന്നും ഉറപ്പു വരുത്തേണ്ടതാണ്. ഇതിലേക്കായി ടി ഓഫീസിലെ ഒരു ക്ലാർക്കിന്റെ സേവനം ഉപയോഗപ്പെടുത്തേണ്ടതാണ്.

മേൽ പറഞ്ഞ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതും ചെലവ് കണക്കുകളിൽ കൃത്യത പുലർത്തേണ്ടതുമാണ്. ഔദ്യോഗിക ബെബ് സൈറ്റിലെ (www.celsgd.com.kerala.gov.in) 'Proforma' page ൽ പ്രസിദ്ധീകരിച്ചിട്ടുള്ള Proforma P- 1046 ൽ ശമ്പള ചെലവുകണക്കുകൾ 18/04/2019 നകം കർശനമായും രേഖപ്പെടുത്തി സമർപ്പിക്കേണ്ടതാണ്. നിർദ്ദേശം (3) ൽ പറഞ്ഞിരിക്കുന്ന പ്രൊഫോർമയും സറണ്ടർ വിവരങ്ങളും 20/04/2019 നകം നൽകേണ്ടതാണ്. ട്രഷറി റീ-കൺസിലേഷൻ നടത്തി റീ-കൺസിലേഷൻ സർട്ടിഫിക്കറ്റ് അടിയന്തിരമായി നൽകേണ്ടതാണ്.

എല്ലാ ഡി.ഡി.ഒ മാരും / കൺട്രോളിംഗ് ഓഫീസർമാരും ചെലവ് കണക്കുകൾ കർശനമായും നൽകേണ്ടതാണെന്നും, ഇക്കാര്യത്തിൽ കൃത്യത പാലിക്കണമെന്നും ഇതിലെ പിഴവുകൾക്ക് അതാത് ഡി.ഡി.ഒ മാർ ഉത്തരവാദികളായിരിക്കുമെന്നും ഓർമ്മിപ്പിക്കുന്നു.

ചീഫ് എഞ്ചിനിയർ

പകർപ്പ്:
1) ചീഫ് എഞ്ചിനീയർ, കെ.എസ്.ആർ.ആർ.ഡി.എ
2) എല്ലാ സൂപ്രണ്ടിംഗ് എഞ്ചിനീയർമാർക്കും
3) എല്ലാ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും, പി.എ.യു വിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും
4) എല്ലാ മുനിസിപ്പൽ കോർപ്പറേഷൻ/മുനിസിപ്പാലിറ്റി എഞ്ചിനീയർമാർ
5) ചീഫ് എഞ്ചിനീയറുടെ വെബ്സൈറ്റ്
6) സ്റ്റോക്ക് ഫയൽ

} തുടർ നടപടികൾക്കായി